മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളെ ഭാഗികമായും മറ്റ് 11 ജില്ലകളെ പൂർണ്ണമായും 1965-ലെ 'കേരളാ ഫാമിൻ റിലീഫ് ഫണ്ട് റൂൾസ്' പ്രകാരം വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) വരൾച്ചാ ദുരിതാശ്വാസമായി കേന്ദ്ര സർക്കാർ 'സമ്പൂർണ്ണ റോസ്ഗാർ യോജന (സ്പെഷ്യൽ കംപോണന്റ്) പദ്ധതി' പ്രകാരം "ജോലിക്കു പകരം ഭക്ഷണം" എന്ന സ്കീമിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിൽ വിതരണം നടത്താനായി 3 ഗഡുക്കളായി 25000, 25000, 11000 മെട്രിക് ടൺ അരി അനുവദിച്ചത് വിവിധ ജില്ലകൾക്കായി വിതരണം നടത്തിയിട്ടുണ്ട്. എല്ലാ മേഖലകളിലേയും നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി മൊത്തം 2644.90 കോടി രൂപയുടെ വരൾച്ചാ ദുരിതാശ്വാസ സഹായത്തിനായി സമഗ്രമായ ഒരു മെമ്മോറാണ്ടം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. രൂക്ഷമായ വരൾച്ചമൂലം ദുരിതമനുഭവിക്കുന്ന കർഷകരെ ആറ് മാസത്തേക്ക് കാർഷിക കടം സംബന്ധിച്ച ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുകയും, ദുരിതാശ്വാസ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും, കുടിവെള്ള വിതരണം, ജലസംഭരണത്തിനായി ടാങ്ക് നിർമ്മിക്കൽ, ചെറിയ തടയണ നിർമ്മാണം, നിലവിലുള്ള പൈപ്പുലൈനുകളുടെ നീട്ടൽ എന്നിവയ്ക്ക് അനുമതി നൽകുകയും, ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 'ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി' രൂപീകരിച്ച് ദൈനംദിന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി.

(സി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 2003-2004 വർഷം 63.02 കോടി രൂപയും 2004-2005 വർഷം ഇതുവരെ 26.03 കോടി രൂപയും ഉൾപ്പെടെ ആകെ 89.05 കോടി രൂപ വരൾച്ച നേരിടുന്നതിനായി ജില്ലാകളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. അതിൽ 75% കേന്ദ്ര വിഹിതവും 25% സംസ്ഥാനവിഹിതവുമാണ്.

(ഡി) നേരത്തെ അനുവദിച്ച തുക പര്യാപ്തമായിരുന്നില്ല. കൂടുതൽ സഹായം അഭ്യർത്ഥിച്ചുകൊണ്ട് സമഗ്രമായ ഒരു മെമ്മോറാണ്ടം രണ്ടാമതും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

വൈറൽ പനി മുതലായ രോഗങ്ങളും പ്രതിരോധ നടപടികളും

*22 [22] ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീമതി. മാലേത്ത് സരളാദേവി:
ശ്രീ. കെ. സി. ജോസഫ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മേയ്, ജൂൺ മാസത്തിലുണ്ടായ മഴയെ തുടർന്ന് എത്രപേർക്ക് വൈറൽ പനിയും, എത്ര പേർക്ക് ന്യുമോണിയയും, ബ്രോങ്കൈറ്റീസ്, മെനിഞ്ചൈറ്റീസ് എന്നീ രോഗങ്ങളുമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലയളവിൽ എലിപ്പനിയും ഡങ്കിപ്പനിയും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ എത്ര പേർക്ക് ഈ രോഗങ്ങൾ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) രോഗങ്ങൾ ബാധിച്ച് 2004 മേയ് 1-ാം തീയതി മുതൽ എത്ര മരണം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്താക്കുമോ;

(ഇ) ഈ രോഗങ്ങൾ വരാതിരിക്കുവാൻ എന്തെല്ലാം പ്രതിരോധ നടപടികളെടുത്തുവെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) 2004 മേയ്-ജൂൺ മാസത്തിൽ രോഗം ബാധിച്ചവരുടെ കണക്ക് താഴെ പറയുംപ്രകാരമാണ്:

വൈറൽ പനി	. .	2,75,223
ന്യുമോണിയ	. .	2,186
ലെപ്റ്റോസ്പൈറോസിസ്	. .	1,158
മെനിഞ്ചൈറ്റിസ്	. .	93

(ബി-യും സി-യും) ഉണ്ട്. 2004 മേയ് ഒന്നുമുതൽ ജൂൺ 22-ാം തീയതി വരെ ആകെ 322 പേർക്ക് എലിപ്പനിയും 162 പേർക്ക് ഡങ്കിപ്പനിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 2004 മേയ് ഒന്നു മുതൽ ജൂൺ 22-ാം തീയതി വരെ 22 പേർ എലിപ്പനി ബാധിച്ചും 2 പേർ ഡങ്കിപ്പനി ബാധിച്ചും മരണമടഞ്ഞിട്ടുണ്ട്.

(ഇ) പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സെൽ സജ്ജമാക്കിയിട്ടുണ്ട്. ജില്ലാ മെഡിക്കലാഫീസിലും ഇത്തരം സെൽ പ്രവർത്തിക്കുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ഉടൻ തന്നെ നടപടികൾ എടുക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീം സ്റ്റേറ്റ് തലത്തിലും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും പ്രവർത്തിക്കുന്നുണ്ട്. വ്യക്തി ശുചിത്വം, പരിസര ശുചിത്വം, മലിനജല നിർമ്മാർജ്ജനം, കൊതുകുനിവാരണം, ശുദ്ധജല ലഭ്യത, ഭക്ഷണസാധനങ്ങൾ അടച്ചുവയ്ക്കേണ്ട ആവശ്യകത എന്നിവയെപ്പറ്റിയുള്ള അവബോധമുണ്ടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ ക്ലാസുകൾ, ടെലിവിഷൻ, റേഡിയോ, പത്രങ്ങൾ തുടങ്ങിയ മാധ്യമങ്ങൾ വഴി രോഗപ്രതിരോധത്തിനുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly